"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - പാലക്കാട് ജില്ല - മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധി - ദുരന്ത സാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ വല്ലങ്ങി വില്ലേജിൽ അളവുശേരി, ചേരുംകോട് എന്ന സ്ഥലത്ത് ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലത്ത് താമസിച്ചുവന്നിരുന്ന ശ്രീമതി. സുജാത W/o സുന്ദരൻ (late) എന്നിവരെ പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽനിന്നും തുക അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ.(സാധാ) നം.3083/2023/RD  തീയതി,തിരുവനന്തപുരം, 22-08-2023

പരാമർശം:-

1. പാലക്കാട് ജില്ലാ കളക്ടറുടെ 22/07/2022ലെ ഡിസിപികെഡി/7849/ 2019/ജെ5 നമ്പർ കത്ത്
2. 19/12/2019 ലെ സ.ഉ (കൈ) നം.38/2019/ഡിഎംഡി
3. 12/08/2022 ലെ സ.ഉ (സാധാ) നം.635/2022/ഡിഎംഡി

ഉത്തരവ്

പാലക്കാട് ജില്ലയിൽ ദുരന്ത സാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന ചിറ്റൂർ താലൂക്കിലെ വല്ലങ്ങി വില്ലേജിൽ അളവുശേരി, ചേരുംകോട് എന്ന സ്ഥലത്ത് ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലത്ത് താമസിച്ചുവന്നിരുന്ന ശ്രീമതി. സുജാതയെ അപകടഭീഷണിയുള്ള സ്ഥലത്തു നിന്നും മാറ്റിപാർപ്പിക്കേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സ്ഥലം വാങ്ങി വീടുവക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനും പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത സാധ്യതയുള്ള മേഖലയിൽ താമസിക്കുന്നതും മാറ്റി പാർപ്പിക്കേണ്ടതായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ശിപാർശ ചെയ്തിട്ടുള്ള പരാമർശം (2) ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനും ചേർത്ത് ആകെ 10 ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. SDRF വിഹിതമായ Rs.95100/-കിഴിച്ച് (6,00,000+3,04,900) **9,04,900/- രൂപ(ഒൻപതു ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം)** ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകാവുന്നതാണ്.

വിതരണത്തിനാവശ്യമായി വരുന്ന 9,04,900/- **രൂപ (ഒൻപതു ലക്ഷത്തി നാലായിരത്തി തൊള്ളായിരം**

സ.ഉ.(സാധാ) നം.3083/2023/RD

**രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടിസെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം

ജില്ലാ കളക്ടർ, പാലക്കാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ്

വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം

റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്

ദുരന്ത നിവാരണ (എ, ബി ) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 22-08-2023 15:39:06
സെക്ഷൻ ഓഫീസർ